**കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ**

തിരുവനന്തപുരം- 695033

**<u>സർക്കുലർ</u>**

നമ്പർ : ബി1/33870/2020/സം.തി.ക

തീയതി: 04.12.020

വിഷയം:-സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ - 2020-ലെ പൊതുതിരഞ്ഞെടുപ്പ് -പോസ്റ്റൽ ബാലറ്റുകൾ തിരികെ സ്വീകരിക്കുന്നത്- സംബന്ധിച്ച്.

സൂചന:- കമ്മീഷന്റെ 30/11/2020, 01.12/2020, 03/12/2020 തീയതികളിലെ ഇതേ നമ്പർ സർക്കുലറുകൾ

സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ 2020 ഡിസംബർ 8, 10, 14 തീയതികളിൽ നടത്തുന്ന പൊതുതിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട ജീവനക്കാർക്ക് അനുവദിച്ചിട്ടുള്ള സാധാരണ പോസ്റ്റൽ ബാലറ്റ് പേപ്പറുകളും കോവിഡ് 19 രോഗികൾക്കും ക്വാറന്റൈനിൽ ഉള്ളവർക്കും അനുവദിച്ചിട്ടുള്ള സ്പെഷ്യൽ ബാലറ്റ് പേപ്പറുകളും വിതരണം ചെയ്യുന്നത് സംബന്ധിച്ചുള്ള നിർദ്ദേശങ്ങൾ സൂചന സർക്കുലറുകൾ പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. വോട്ടു രേഖപ്പെടുത്തിയ ബാലറ്റ് പേപ്പറുകൾ ഉള്ളടക്കം ചെയ്ത കവറുകൾ സ്വീകരിക്കുന്നത് സംബന്ധിച്ചുള്ള തുടർ നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

1. വോട്ടു രേഖപ്പെടുത്തിയ പോസ്റ്റൽ ബാലറ്റ് പേപ്പറും സാക്ഷ്യപത്രവും നിശ്ചിത കവറുകളിൽ ഉള്ളടക്കം ചെയ്ത് അതാത് വരണാധികാരികൾക്ക് വേണം അയക്കുകയോ നേരിട്ട് നൽകുകയോ ചെയ്യേണ്ടത്.
2. ത്രിതല പഞ്ചായത്തുകളെ സംബന്ധിച്ച് ഒരു വരണാധികാരിക്ക് മറ്റ് തലങ്ങളിലെ പോസ്റ്റൽ ബാലറ്റുകൾ അടങ്ങിയ കവറുകൾ ലഭിക്കുന്ന പക്ഷം അവ അന്ന് തന്നെ ബന്ധപ്പെട്ട വരണാധികാരികൾക്ക് ലഭ്യമാക്കുന്നതിന് സ്പെഷ്യൽ മെസഞ്ചറെ ചുമതലപ്പെടുത്തേണ്ടതാണ്. പോസ്റ്റൽ ബാലറ്റ് കൊണ്ടുപോകുന്നതിന് വാഹനവും ആവശ്യമെങ്കിൽ എസ്കോർട്ടും ഏർപ്പെടുത്തേണ്ടതാണ്.
3. മുനിസിപ്പാലിറ്റി, കോർപ്പറേഷനുകളെ സംബന്ധിച്ച് ഒന്നിലധികം വരണാധികാരികളുണ്ടെങ്കിൽ ഓരോ വരണാധികാരിക്കും ചുമതലയുള്ള വാർഡുകളുടെ കാര്യത്തിൽ മേൽപ്പറഞ്ഞ പ്രകാരം തുടർനടപടി സ്വീകരിക്കേണ്ടതാണ്.
4. ബന്ധപ്പെട്ട വരണാധികാരികൾക്ക് ലഭിക്കുന്ന പോസ്റ്റൽ ബാലറ്റ് പേപ്പറുകൾ അടങ്ങിയ എല്ലാ കവറുകളും വോട്ടെണ്ണൽ ആരംഭിക്കുന്നതുവരെ അദ്ദേഹം ഭദ്രമായി സൂക്ഷിക്കേണ്ടതാണ്.
5. വോട്ടെണ്ണൽ ദിവസം രാവിലെ 8 മണിക്ക് മുമ്പ് വരെ ലഭിക്കുന്ന എല്ലാ പോസ്റ്റൽ ബാലറ്റുകളും അതാത് വരണാധികാരികൾ ബന്ധപ്പെട്ട സ്ഥാനാർത്ഥികളുടേയോ അവരുടെ ഏജന്റുമാരുടേയോ സാന്നിദ്ധ്യത്തിൽ എണ്ണേണ്ടതാണ്.
6. വോട്ടെണ്ണൽ ദിവസം 8 മണിക്ക് ശേഷം ബാലറ്റ് പേപ്പർ ഉള്ളടക്കം ചെയ്തിട്ടുള്ള ഏതെങ്കിലും കവർ ലഭ്യമാക്കുകയാണെങ്കിൽ വരണാധികാരികൾ അത് കൈപ്പറ്റിയ സമയവും തീയതിയും രേഖപ്പെടുത്തിയശേഷം അവ തുറക്കാതെ എല്ലാം കൂടി ഒരു പ്രത്യേക പായ്ക്കറ്റിൽ സൂക്ഷിക്കേണ്ടതാണ്.

എ.സന്തോഷ്
സെക്രട്ടറി

എല്ലാ ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർക്കും
എല്ലാ വരണാധികാരികൾക്കും

പകർപ്പ്:

എല്ലാ ഇലക്ഷൻ ഡെപ്യൂട്ടി കളക്ടർമാർക്കും,

എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും,
എല്ലാ ഓഫീസർമാർക്കും സെക്ഷനുകൾക്കും,
സ്റ്റാന്റിംഗ് കൗൺസിൽ,
പി ആർ ഒ, സം.തി.ക
കമ്മീഷണറുടെ പി എസ്
സെക്രട്ടറിയുടെ സി എ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

'ജനഹിതം' , റ്റി.സി.27/6(2), വികാസ് ഭവൻ പി.ഒ., തിരുവനന്തപുരം -695 033
ഫോൺ : 0471-2325048 (Administration), 2337884 (Election)
e-mail:cru.sec@kerala.gov.in, electionker@gmail.com
website:www.sec.kerala.gov.in